**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **27-06-2022 - ൽ മറുപടിയ്ക്ക്**

**വൃക്കരോഗികൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാസം തോറും ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൃക്കരോഗികൾക്കുള്ള ധനസഹായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022 ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 7.6.7 ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി മുതൽ ഇതുസംബന്ധിച്ച പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 4000 രൂപ വരെ അനുവദിക്കാവുന്നതാണ്. |
| (ബി) | പതിനാലാം പഞ്ചവത്സര പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് നൽകുന്ന സബ്സിഡിയുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖയിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | പദ്ധതി ഗുണഭോക്താവാകുന്നതിന്, പൊതു വിഭാഗത്തിൽ പെട്ട വൃക്ക രോഗികൾക്ക് രണ്ടു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപയിൽ താഴെയും ആയിരിക്കണം കുടുംബ വാർഷിക വരുമാനം. ഈ പരിധിയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ ധനസഹായത്തിന് അർഹരല്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്. എല്ലാവിഭാഗം വൃക്ക |

| | | | |
|---|---|---|---|
| | | | രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ ആയിരം രൂപ ക്രമത്തിൽ ഒരുമാസം പരമാവധി നാലായിരം രൂപ വരെ അനുവദിക്കാവുന്നതാണ്. ഈ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേനയാണ് കൈമാറുന്നത്. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഡയാലിസിസിന് ധനസഹായം അനുവദിക്കാം. ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനായി പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്. |
| (സി) | വൃക്ക രോഗികളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാർഗ്ഗരേഖയിൽ ഇളവുകൾ നൽകിയും വരുമാനം പരിഗണിക്കാതെയും എല്ലാ വൃക്കരോഗികൾക്കും ഡയാലിസിസിനു ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ